നമ്പർ. ഡബ്ല്യൂ(3) 7399/17/N-Dis 7/6/17-134

ലേബർ കമ്മീഷണറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 29.05.2017

ലേബർ കമ്മീഷണർ

11968

1. ഡയറക്ടർ,
   എംപ്ലോയ്മെന്റ്.
2. ഡയറക്ടർ,
   എംപ്ലോയ്മെന്റ് & ട്രെയിനിംഗ്.
3. മാനേജിംഗ് ഡയറക്ടർ,
   കെ.എ.എസ്.ഇ.
4. ഡയറക്ടർ,
   വ്യവസായ പരിശീലന വകുപ്പ്.
5. മാനേജിംഗ് ഡയറക്ടർ,
   ഒഡെപെക്.
6. എക്സിക്യൂട്ടീവ് ഡയറക്ടർ,
   RSBY.
7. ഡയറക്ടർ,
   ഇ.എസ്.ഐ.
8. കമ്മീഷണർ,
   ഇ.പി.എഫ്.
9. എല്ലാ ക്ഷേമനിധി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും.

സർ,

വിഷയം : തൊഴിൽ വകുപ്പ് - ജനസേവന കേന്ദ്രങ്ങൾ വഴി സേവനങ്ങൾ സൗജന്യമായി ലഭ്യമാകുന്നത് - സംബന്ധിച്ച്

സൂചന: ജനസേവനകേന്ദ്രം ചെയർമാന്റെ 20.04.2017-ലെ കത്ത്.

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചനപ്രകാരമുള്ള കത്ത് അറിവിലേയ്ക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

ലേബർ കമ്മീഷണർക്കുവേണ്ടി

എസ്. എൻ

UAN.Reg. No. KL 12D 0004738, Service No. TVM/TC/1148

**Head Office: Thanima Daily Building, Panavila, Thycadu P. O. Trivandrum-695014**

സർ,

കേന്ദ്ര-കേരള സർക്കാരുകളുടെ വിവിധ ഡിപ്പാർട്ട്മെന്റുകൾ ജനങ്ങൾക്കായി നൽകിയിട്ടുള്ള ഓൺലൈൻ സംവിധാനം 80% ആൾക്കാർക്കും ഉപയോഗിക്കാൻ അറിയില്ലാത്ത അവസ്ഥയുണ്ട്.

ഈ അവസ്ഥ പലവിധത്തിൽ ചൂഷണം ചെയ്യപ്പെടുകയാണ് ഒരു രൂപാപോലും മുടക്കം ഇല്ലാതെ ഈ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് ലഭിക്കുകയെന്ന സർക്കാർ ലക്ഷ്യം അട്ടിമറിച്ച് ഒരു സർട്ടിഫിക്കറ്റിന് 50 രൂപാ മുതൽ 250 രൂപാ വരെ വാങ്ങുന്ന ഒരു വലിയ റാക്കറ്റ് പ്രവർത്തിക്കുന്നു. ഇതിൽ സർക്കാർ നോഡൽ ഏജൻസികളിലെ സെന്ററുകൾ വരെ ഉണ്ട്.

എന്നാൽ ഈ സേവനങ്ങൾ ഓരോ വ്യക്തിയ്ക്കും സ്വന്തമായി ചെയ്യാൻ കഴിയുമെന്ന് ജനങ്ങൾക്ക് അറിവ് നൽകുകയും, അവരെ അതിന് പ്രാപ്തരാക്കി സർക്കാർ സേവനങ്ങൾ അവകാശം ആണ് എന്ന സന്ദേശം ഉയർത്തി കേരളത്തിലെ 140 നിയോജകം മണ്ഡലം തലത്തിലും **"ജനസേവന കേന്ദ്രം"** എന്ന പേരിൽ എല്ലാ സേവനങ്ങളും സൗജന്യമായി ചെയ്ത് നൽകുന്നതിന് കേരളത്തിലെ 280-ഓളം പേർ ഒരുമിച്ച് ഉണ്ടാക്കിയിട്ടുള്ള **"ജനസേവനകേന്ദ്രം"** മുന്നോട്ട് വരികയാണ്.

കേരള സർക്കാരിന്റെ ചാരിറ്റി രജിസ്ട്രേഷനും കേന്ദ്രസർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യ പ്രൊജക്ടും, എം.എസ്.എം.ഇ സർവ്വീസ് രജിസ്ട്രേഷനും, ട്രേഡ്മാർക്കും ജനസേവനകേന്ദ്രത്തിന് ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഓഫീസ് വർക്കുകൾ നടന്നുകൊണ്ടിരിക്കുന്നു.

2017 മെയ് മുതൽ ജനസേവനകേന്ദ്രം വഴി എല്ലാ ഓൺലൈൻ സേവനങ്ങളും സൗജന്യമായി ഞങ്ങൾ ചെയ്ത് നൽകുന്ന വിവരം ഇതിനാൽ അങ്ങയെ അറിയിക്കുന്നു.

ഇതിന്റെ പ്രവർത്തനത്തിനുള്ള ചിലവുകൾക്കുള്ള പണം ലഭിക്കുന്നതിന് ഇതിനോടൊപ്പം കെ.എസ്.എഫ്.ഇ-യുടെ ചിട്ടി ഏജന്റായി ലഭിക്കുന്ന കമ്മീഷൻ, പാൻകാർഡ് റിട്ടേൺ വഴിയുള്ള വരുമാനം, ജി.എസ്.ടി കൺസൾട്ടന്റ് എന്ന രീതിയിലുള്ള വരുമാനം തുടങ്ങി വിവിധ തരത്തിലുള്ള വരുമാനം മതിയാകും.

ഞങ്ങളുടെ ഒരു സെന്റർ വഴി കെ.എസ്.എഫ്.ഇ-യുടെ ചിട്ടിയിൽ 10 പേരെ വീതം ചേർത്താലും ഒരു മാസം 1540 പേരെ ചേർക്കുക വഴി 9 കോടി രൂപാ വരെ ബിസിനസ്സ് പ്രതീക്ഷിക്കുന്നു. ഇതിലൂടെ 1.5 കോടി രൂപാ വരെ കമ്മീഷനും. ഇതിന്റെ അടവ് കമ്മീഷൻ ഒരുമാസം 13 ലക്ഷം രൂപാ വരെയും ലഭിക്കും. ഈ കമ്മീഷൻ മാത്രം മതി ഒരു സെന്ററിന് 1,20,000 വരെ ലഭിക്കാൻ. ഒരു സെന്റർ നടത്താൻ 75,000 രൂപായിൽ കൂടുതൽ ആവശ്യമില്ല. ഈ കണക്ക് ബോധ്യപ്പെടുത്തുന്നത് ചാരിറ്റിയിലൂടെ ഇത് നടപ്പിലാക്കാൻ കഴിയുമെന്നാണ്.

ബഹുമാനപ്പെട്ട കേരള സർക്കാരിന്റെയും, അങ്ങയുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

**കല്ലാർ ഹരികുമാർ**

ചെയർമാൻ

ജനസേവനകേന്ദ്രം

തിരുവനന്തപുരം

20/04/2017